REACH Lilly MDR-TB Partnership

Media Fellowship Programme

2011-12 FELLOW: RANJITH CHATHOTH



Ranjith Chathoth *is currently Senior Sub-Editor at Mathrubhumi, a leading Malayalam publication group. He has specialised in health journalism and writes prolifically on health, medicine and social issues.*

രോഗവും ചികിത്സയും

ടി.ബി. മരുന്നുകൾ

പാതിവഴിയിൽ നിർത്തല്ലേ...

ചികിത്സിച്ചാൽ ആറ് മാസം കൊണ്ട് മാറുന്ന രോഗമാണ് ടി.ബി. എന്നാൽ അറിവില്ലായ്മ കൊണ്ടും അശ്രദ്ധ കൊണ്ടും ചികിത്സ പാതിവഴിയിൽ നിർത്തുന്നത് രോഗിയെ അപകടത്തിലാക്കാം

ഏതാ അനന്താ നിനക്ക് വട്ടുണ്ടോ? മോൾക്ക് നല്ലൊരു കല്യാണാലോചന വന്നിട്ട് അയയ്ക്കാതിരിക്കയോ... ഗർഹിൽ നല്ല ജോലിയുള്ള ചെക്കനെ കിട്ടുന്നത് ചെറിയ കാര്യാ...എന്ത് മണ്ടത്തരമാണിത്... ടി.ബി. ഉണ്ടായിരുന്ന കാര്യമൊന്നും ആരോടും പറയേണ്ട. അവരെ എന്തിനാ ഇതൊക്കെ അറിയിക്കുന്നത്... പിന്നെ സംഗതി നടന്നില്ലാന്ന് വരും... മരുന്നൊക്കെ നിർത്തിക്കോളൂ... കുറച്ചു കാലമായില്ലേ ചികിത്സ... ഇപ്പോ രോഗം മാറിയിട്ടുണ്ടാകും... അവൾക്ക് ഇപ്പോൾ കുഴപ്പമൊന്നുമില്ലല്ലോ...

അനന്തന്റെ അടുത്ത സുഹൃത്തിന്റെ ഉപദേശം അതായിരുന്നു. ആലോചിച്ചപ്പോൾ ഇതു ശരിയാണെന്ന് അനന്തനും തോന്നി. അനന്തൻ മകൾ ഉഷയോട് കാര്യങ്ങൾ സംസാരിച്ചു. കുറച്ചുകാലമായില്ലേ മരുന്ന് കഴിക്കാൻ തുടങ്ങിയിട്ട്. ഇപ്പോൾ രോഗത്തിന് ആശ്വാസവുമുണ്ട്. അങ്ങനെ അവർ ഒരു തീരുമാനത്തിലെത്തി. ഉഷ ടി.ബി. മരുന്നുകൾ നിർത്തി. രണ്ട് മാസം കഴിഞ്ഞപ്പോൾ ഉഷ സുമംഗലിയായി. സന്തോഷകരമായ ദാമ്പത്യം കുറച്ചു നാൾ മുന്നോട്ടു പോയി. പക്ഷേ, അപ്പോഴേക്ക് വീണ്ടും ആരോഗ്യപ്രശ്നങ്ങൾ തുടങ്ങി.

ഉഷയ്ക്ക് ചുമയും ശ്വാസംമുട്ടലും നെഞ്ചുവേദനയും. പരിശോധനകൾ കുറെ നടത്തിയ ശേഷം രോഗം തിരിച്ചറിഞ്ഞു. എം.ഡി.ആർ-ടി.ബി. ഇപ്പോൾ ഒന്നരവർഷത്തിലേറെയായി ഉഷ ചികിത്സയിലാണ്. ഇനിയും അഞ്ച് മാസത്തോളം മരുന്നു കഴിക്കണം.

മലബാറിൽ ഒരിടത്ത് സംഭവിച്ചതാണിത്. പൂർണമായും മാറുമായിരുന്ന ടി.ബി. എങ്ങനെ എം.ഡി.ആർ. ടി.ബി. ആയി മാറി?

രണ്ട് വർഷം മുമ്പാണ് അവർക്ക് അസുഖം തുടങ്ങിയത്. അന്ന് ഉഷയ്ക്ക് 23 വയസ്സ്. ചുമയായിരുന്നു തുടക്കം. കഫ് സിറപ്പുകൾ വാങ്ങിക്കഴിച്ച് കുറച്ചു നാൾ സ്വയം ചികിത്സ നടത്തി. ചുമ മാറാതെ നിന്നു. പിന്നെ ഡോക്ടറെ കാണിച്ചു. ചെറിയ ആശ്വാസം കിട്ടി. എന്നാൽ രോഗം മാറിയില്ല. വീണ്ടും ഡോക്ടറെ കണ്ടപ്പോൾ കഫ പരിശോധന നടത്താൻ നിർദേശിച്ചു. കഫ പരിശോധനയിൽ രോഗം തിരിച്ചറിഞ്ഞു-ടി.ബി. അതേത്തുടർന്ന് ടി.ബി.ക്കുള്ള ചികിത്സ തുടങ്ങി. മൂന്ന് മാസം മരുന്നു കഴിച്ചു. പിന്നെ ഒരുനാൾ മരുന്ന് നിർത്തി. ഡോസ് ടീം അവരെ പിന്തുടർന്നു. പക്ഷേ, രോഗി വഴങ്ങിയില്ല.

84 മാതൃഭൂമി ആരോഗ്യമാസിക / മാർച്ച് 2012

"What Anandan… you are refusing such a good marriage proposal for your daughter? Don't mention about her having TB to anybody… You stop all the medicines. She has been taking treatment for some time. By now, she would have been cured'… Usha stopped her TB medicines and got married in two months. But slowly, her health problems began… After repeated tests they could detect the problem as MDR-TB. "

REACH

SPEAK UP TO STOP TB

the Lilly MDR-TB partnership